**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2710** **06.11.2019-ൽ മറുപടിയ്ക്ക്**

**മംഗലശ്ശേരി തോട്ടം വനഭൂമി കൈമാറ്റം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.ജോർജ് എം. തോമസ്** | | **അഡ്വ. കെ.രാജു (ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് താലൂക്കിലെ താഴക്കോട് വില്ലേജിൽ വനംവകുപ്പിന്റെ അധീനതയിലുള്ള മംഗലശ്ശേരി തോട്ടം വനഭൂമി, കൈവശക്കാർക്ക് പട്ടയം നൽകുന്ന തിനും മുക്കം ഗവൺമെന്റ് പോളിടെക്നിക്ക് നിർമ്മിക്കുന്നതിനും വിട്ടുനല്കുന്നതിനുമുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് താലൂക്കിലെ താഴക്കോട് വില്ലേജിൽ വനം വകുപ്പിന്റെ അധീനതയിലുള്ള മംഗലശ്ശേരി തോട്ടം വനഭൂമി, 111 കൈവശക്കാർക്ക് റീസർവ്വേ നമ്പർ 91, 93 പ്രകാരം 25.84 ഏക്കർ നൽകുന്നതിന് കോഴിക്കോട് ജില്ലാകളക്ടർ FP/Others/ 30248/2017 എന്ന പ്രൊപ്പോസൽ 11.12.2017 ൽ ഓൺലൈൻ പോർട്ടലിൽ സമർപ്പിച്ചിരുന്നു. എന്നാൽ മേൽ പറഞ്ഞ 25.84 ഏക്കർ വനഭൂമി പതിച്ച് നൽകിയിരിക്കുന്നത് 1981 ൽ ആണെന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമായി. 1980 ന് ശേഷമുള്ള ഇത്തരത്തിലുള്ള വനഭൂമി പതിച്ച് നൽകുന്നതിന് Forest (Conservation) Act, 1980 അനുബന്ധ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരവും അനുവദനീയമല്ല. ആയതിനാൽ 11.12.2017 ൽ സമർപ്പിച്ച പ്രൊപ്പോസൽ വ്യക്തമായി പരിശോധിച്ച് പുനർസമർപ്പിക്കുവാനായി മടക്കി അയച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ഭൂമി വിട്ടുനല്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) | മേൽ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**